### വന-വനവിഭവ വികസനവും വന്യജീവികളുടെ ജലസന്ധാരണവും

83 (3202) ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി :
ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. സ്റ്റീഫൻ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വന, വനോൽപ്പന്നങ്ങളിൽ നിന്നും പ്രതിവർഷം സർക്കാരിന് എന്തു വരുമാനം ലഭിക്കുന്നുണ്ട് എന്ന് വെളിപ്പെടുത്താമോ ;

(ബി) വന വികസനത്തിനും വനവിഭവ വികസനത്തിനും ഉതകുന്ന ഏതൊക്കെ പദ്ധതികളാണ് നിലവിലുള്ളത് എന്ന് വിശദമാക്കാമോ ;

(സി) വന്യജീവികളുടെ ജലസന്ധാരണത്തിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്നറിയിക്കുമോ ;

(ഡി) വരൾച്ചയിൽ വന്യജീവിനാശം വരാതിരിക്കാൻ സ്വീകരിച്ചിട്ടുള്ള മുൻകരുതലുകൾ വെളിവാക്കുമോ ?

ഉത്തരം

(എ) 200 കോടിയോളം രൂപ ലഭിക്കുന്നുണ്ട്.

(ബി) വനവികസനവും വനവിഭവ വികസനവും ലക്ഷ്യമാക്കിക്കൊണ്ട് നിരവധി പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നുണ്ട്. സ്വാഭാവിക വനങ്ങളുടെ വികസനം ലക്ഷ്യമാക്കി കൊണ്ട് വനസംരക്ഷണ പ്രവർത്തനങ്ങൾ, അഗ്നിശമന പ്രവർത്തനങ്ങൾ, നാശോന്മുഖ വനങ്ങളുടെ പുനരുദ്ധാരണം, ജൈവവൈവിദ്ധ്യ സംരക്ഷണം, തോട്ടങ്ങളുടെ ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ, നടീൽ വസ്തുക്കൾ മെച്ചപ്പെടുത്തുക തടിയേതര വനവിഭവങ്ങളുടെ ഉല്പാദനം വർദ്ധിപ്പിക്കൽ ഔഷധച്ചെടിയുടെ ലഭ്യത വർദ്ധിപ്പിക്കുക തുടങ്ങിയ പദ്ധതികളാണ് സംസ്ഥാന പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതികൾ. കൂടാതെ കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോടുകൂടി ഇന്റഗ്രേറ്റഡ് ഫോറസ്റ്റ് പ്രൊട്ടക്ഷൻ സ്കീം, നാഷണൽ മെഡിസിനൽ പ്ലാന്റ് ബോർഡിന്റെ സഹായത്തോടുകൂടി ഔഷധ സസ്യങ്ങളുടെ പ്രോത്സാഹനത്തിനുവേണ്ടിയുള്ള പദ്ധതികൾ എന്നിവയും നടപ്പിലാക്കുന്നുണ്ട്.

(സി) വന്യജീവികളുടെ ജലസന്ധാരണത്തിനായി പ്രകൃതിദത്തമായ ജലസ്രോതസ്സുകളുടെ സംരക്ഷണം, ജലദൗർലഭ്യമുള്ള സ്ഥലങ്ങളിൽ കുളം കുഴിക്കുക മുതലായ നടപടികളാണ് നടപ്പിലാക്കുന്നത്.

(ഡി) വരൾച്ചയിൽ വന്യജീവിനാശം വരാതിരിക്കാൻ ആവശ്യമുള്ള സ്ഥലങ്ങളിൽ ചെക്ക് ഡാമുകൾ നിർമ്മിക്കുക, ജലദൗർലഭ്യമുള്ള പ്രദേശങ്ങളിൽ കുളം കുഴിക്കുക, കുളങ്ങളുടെ ആഴം വർദ്ധിപ്പിക്കുക എന്നീ പ്രത്യേക നടപടികൾ കൈക്കൊണ്ടുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly